(ബി) എങ്കിൽ എത്ര കോടി രൂപയുടെ പദ്ധതിയാണ് സമർപ്പിച്ചിരുന്നത്;

(സി) ഈ പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ആലപ്പുഴ പട്ടണത്തിലെ കനാലുകൾ നവീകരിക്കുന്നതിനായി നാട്പാക് നടത്തിയ ഒരു പഠന റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ബി) 36.20 കോടി രൂപ മതിപ്പ് ചെലവ് പ്രതീക്ഷിക്കുന്ന ഒരു റിപ്പോർട്ടാണ് സമർപ്പിച്ചിരുന്നത്.

(സി) 25-6-2001-ൽ ജലവിഭവ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഈ പഠന റിപ്പോർട്ടിനെക്കുറിച്ച് ചർച്ച ചെയ്യുകയുണ്ടായി. നാട്പാക് തയ്യാറാക്കിയ പഠന റിപ്പോർട്ട് ആലപ്പുഴയിലെ കനാലുകളുടെ പുനരുദ്ധാരണം മാത്രം ലക്ഷ്യമാക്കിയുള്ളതായിരുന്നു. എന്നാൽ കനാലുകളുടെ വികസനം സാധ്യമാകണമെങ്കിൽ ആലപ്പുഴ നഗരത്തിന്റെതന്നെ പൂർണ്ണമായ വികസനം ആവശ്യമാണെന്നും ആയതിനാൽ നാട്പാക് തയ്യാറാക്കിയ റിപ്പോർട്ട് തീർത്തും അപര്യാപ്തമാണെന്നും പ്രസ്തുത യോഗത്തിൽ ചൂണ്ടിക്കാണിക്കപ്പെട്ടിരുന്നു. ഇക്കാരണത്താൽ നാട്പാക്കിന്റെ റിപ്പോർട്ടിലെ ന്യൂനതകൾ പരിഹരിച്ച് വിശദമായ ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ തീരുമാനിക്കുകയാണുണ്ടായത്. ഇതിനായി ടൂറിസം വകുപ്പുമായി സഹകരിച്ച് പ്രവർത്തനങ്ങൾ നടക്കുകയാണ്.

ശ്രീകൃഷ്ണപുരം മണ്ഡലത്തിൽ വിയർ-കം-ബ്രിഡ്ജ് നിർമ്മിക്കാൻ നടപടി

81 [238] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീകൃഷ്ണപുരം മണ്ഡലത്തിലുൾപ്പെട്ട കരിമ്പുഴ ഗ്രാമ പഞ്ചായത്തിലെ ചീരാക്കുഴിയിൽ വിയർ-കം-ബ്രിഡ്ജ് നിർമ്മിക്കണമെന്നത് സംബന്ധിച്ച് 18-6-2002, 17-12-2003 എന്നീ തീയതികളിൽ സമർപ്പിച്ച നിവേദനത്തിൻമേൽ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) കരിമ്പുഴ ഗ്രാമ പഞ്ചായത്തിലെ ചീരക്കുഴിയിൽ വിയർ-കം-ബ്രിഡ്ജ് നിർമ്മിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നിവേദനങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ പാലക്കാട് ചെറുകിട ജലസേചന വിഭാഗം എക്സി. എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ചെക്ക് ഡാം കം ബ്രിഡ്ജിനുള്ള നിർദ്ദേശം നബാർഡിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ച് പുതുക്കി, നബാർഡിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതി നുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

പരവൂർ-പൊഴിക്കരയിലെ റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണം

82 [239] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരവൂർ-പൊഴിക്കരയിലെ റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണം ഏതുവരെയായെന്ന് വ്യക്തമാക്കാമോ;

(ബി) ഈ വർഷംതന്നെ ഇതു പൂർത്തീകരിക്കുവാൻ ഉദ്ദേശമുണ്ടോ?

ഉത്തരം

(എ) പരവൂർ-പൊഴിക്കരയിൽ ഇപ്പോൾ പ്രവർത്തനരഹിതമായ ഒരു ചീപ്പു പാലം നിലവിലുണ്ട്. ദക്ഷിണ റയിൽവേയുടെ പാത ഇരട്ടിപ്പിക്കലിന്റെ ഭാഗമായ ബണ്ട് നിർമ്മാണം മൂലവും താഴ്ന്ന പ്രദേശങ്ങൾ നികത്തിയതുമൂലവും വെള്ള ത്തിന്റെ സുഗമമായ ഒഴുക്കിനു തടസ്സം നേരിടുകയും വെള്ളപ്പൊക്ക ഭീഷണി ഉണ്ടാ വുകയും ചെയ്യുന്നു. ആയതിനാൽ റഗുലേറ്ററിന്റെ വീതി വർദ്ധിപ്പിക്കുകയും, കായൽ സൈഡ് ബലപ്പെടുത്തേണ്ടതായും ഉണ്ട്. ഈ ജോലി രണ്ട് ഭാഗങ്ങളായി വിഭജിച്ചിട്ടുണ്ട്. ഒന്നാമത്തെ ഭാഗത്തിൽ പുതിയ റഗുലേറ്ററിന്റെ നിർമ്മാണമാണ്. ഇതിന്റെ പുതുക്കിയ നിരക്കിലുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. രണ്ടാമത്തെ ഭാഗത്തിൽ റെഗുലേറ്റർ പൊടിപ്പിക്കുന്നതിനുള്ള സംവിധാനങ്ങളും കായൽ മുഖത്തിന്റെ വീതി കൂട്ടുവാനും, കായൽ സൈഡ് ബലപ്പെടുത്തുവാനും ഉള്ളതാണ്. ഇതിന്റെ പുതുക്കിയ നിരക്കിലുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

(ബി) എസ്റ്റിമേറ്റുകൾ തയ്യാറാക്കിയതിനുശേഷം ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി പണി ഏറ്റെടുക്കുന്നതിന് അനുമതി നൽകുന്ന കാര്യം പരിശോധിക്കു ന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly